<u>**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**</u>
<u>**തിരുവനന്തപുരം**</u>

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- അസിസ്റ്റന്റ് സർജന്റെ നിയമനം- തെറ്റ് തിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: ഉത്തരവ് നം. ഇ.എ2- 45000(1)/17/ആ.വ.ഡ തീയതി 08.08.2017

<u>**ഉത്തരവ് നം. ഇ.എ2-45000(1)/17/ആ.വ.ഡ തീയതി 14.08.2017**</u>

മേൽ പരാമർശ പ്രകാരം ഡോ. ജയന്തി.കെ.എസ്, അസിസ്റ്റന്റ് സർജൻ, പി.എച്ച്.സി അരിമ്പൂർ, തൃശ്ശൂരിനെ പി.എച്ച്.സി വെള്ളാനിക്കര, തൃശ്ശൂരിൽ പുനർ നിയമിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ പി.എച്ച്.സി വെള്ളാനിക്കര, തൃശ്ശൂർ എന്നതിനു പകരം പി.എച്ച്.സി വെള്ളായണി, തൃശ്ശൂർ എന്നും, ടി മെഡിക്കൽ ആഫീസറുടെ പേര് ഡോ. ജയന്തി.കെ.എസ് എന്നതിനു പകരം ഡോ. ജയന്തി.കെ.സി എന്നും തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

ആയതിനാൽ പ്രസ്തുത ഉത്തരവിൽ പി.എച്ച്.സി വെള്ളായണി, തൃശ്ശൂർ എന്നത് പി.എച്ച്.സി വെള്ളാനിക്കര, തൃശ്ശൂർ എന്നും ഡോ. ജയന്തി.കെ.സി എന്നത് ഡോ. ജയന്തി.കെ.എസ് എന്നും തിരുത്തി വായിക്കേണ്ടതാണ്.

മേൽ ഉത്തരവ് ഈ ഭേദഗതിയോടുകൂടി നിലനിൽക്കുന്നതാണ്.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. വി.ആർ.രാജു**
**അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്)**
**ആരോഗ്യവകുപ്പ് ഡയറക്ടർ i/c**

സ്വീകർത്താവ്
ഡോ. ജയന്തി.കെ.എസ്, അസിസ്റ്റന്റ് സർജൻ

പകർപ്പ്:
1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ (ആരോഗ്യം)
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. ബന്ധപ്പെട്ട മെഡിക്കൽ ആഫീസർമാർ
4. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**